# പ്രധാനപ്പെട്ട പ്രസ്താവനകൾ

1. ഒരു ഇൻപുട്ട് ഉപകരണമാണ് കീ ബോർഡ്
2. മറ്റൊരു ഇൻപുട്ട് ഉപകരണമാണ് മൌസ്
3. മൌസുപോലെത്തന്നെ കീബോർഡുകളും PS/2 ,USB , Wireless ഇന്റർഫേസുകളിൽ ലഭ്യമാണ്
4. കീ ബോർഡിൽ കീകൾ നിരത്തിവെച്ചിരിക്കുന്ന ക്രമമാണ് കീ ബോർഡ് ലേ ഔട്ട്
5. ഇംഗ്ലീഷിൽ QWERT എന്ന ലേ ഔട്ട് ആണ് പൊതുവെ എല്ലാവർക്കും സുപരിചിതം
6. ഇംഗ്ലീഷിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന അക്ഷരം അടുത്തുവരാതിരിക്കത്തക്ക രീതിയിലാണ് QWERT യിൽ അക്ഷരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്
7. പന്ത്രണ്ടിലധികം ഇന്ത്യൻ ഭാഷകൾ ടൈപ്പ് ചെയ്യുന്നതിനായി ഭാരത സർക്കാറിനു കീഴിലുള്ള സി - ഡാക്ക് നിർമ്മിച്ച കീ ബോർഡ് ലേ ഔട്ടാണ് ഇൻസ്ക്രിപ്റ്റ് .
8. ഭാരതീയ ഭാഷകളുടെ ലിപിയിലെ സാമ്യത അവലംബിച്ചുണ്ടാക്കിയ ഇൻസ്ക്രിപ്റ്റ് ലേ ഔട്ടിൽ ഈ ഭാഷയിലെ അക്ഷരങ്ങൾക്കെല്ലാം ഒരേ കീ സ്ഥാനങ്ങളാണ്
9. സീരിയൽ കണക്ടറുള്ള മൌസുകൾ ഇപ്പോൾ ഉപയോഗിക്കാറില്ല
10. യു എസ് ബി മൌസുകളും വയർലസ് മൌസുകളുമാണ് ഇപ്പോൾ സാധാരണയായി ഉപയോഗിക്കുന്നത്
11. മൌസിനടിയിൽ സ്ഥാപിച്ച ഒരു ഗോളത്തിന്റെ ചലനം തുടർന്നാണ് മെക്കാനിക്കൽ മൌസുകൾ പ്രവർത്തിക്കുന്നത്
12. മെക്കാനിക്കൽ മൌസുകൾക്കു പകരം പ്രകാശം പുറപ്പെടുവിച്ച് അതിന്റെ പ്രതിഫലനം ഉപയോഗിച്ചു പ്രവർത്തിക്കുന്ന മൌസുകളും നിർമ്മിക്കപ്പെട്ടു
13. കീ ബോർഡ് , മൌസ് , മോണിറ്റർ , സിസ്റ്റം യൂണിറ്റ് തുടങ്ങി ഒന്നിലധികം ഉപകരണങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനാലാണ് നാം ഉപയോഗിക്കുന്ന കമ്പ്യൂട്ടറിനെ സിസ്റ്റം എന്ന് വിളിക്കുന്നത്
14. പുറത്തുനിന്ന് കപ്പലുകൾ കരയിലേക്ക് അടുപ്പിക്കുന്ന സ്ഥലമാണ് തുറമുഖം അഥവാ പോർട്ട്
15. ഇൻ പുട്ട് ഉപകരണങ്ങൾ സിസ്റ്റവുമായി ഘടിപ്പിക്കാൻ സാധാരണയായി സിസ്റ്റം യൂണിറ്റിൽ പോർട്ടുകൾ ഉണ്ടായിരിക്കും
16. ലാപ് ടോപ്പ് , നെറ്റ് ബുക്ക് തുടങ്ങിയ വകഭേദങ്ങളിൽ സിസ്റ്റം യൂണിറ്റും കീ ബോർഡും മോണിറ്ററുമെല്ലാം ഒരുമിച്ചാണ്
17. സിസ്റ്റത്തിന്റെ കുറേ ഭാഗങ്ങൾ ഒരു പെട്ടിക്കകത്താക്കി വെച്ചിരിക്കുന്നു . ഇതാണ് സിസ്റ്റം കാബിനറ്റ്
18. കമ്പ്യൂട്ടറിന്റെ തലച്ചോർ എന്നറിയപ്പെടുന്ന ഭാഗമാണ് മൈക്രോ പ്രോസസർ
19. മൈക്രോ പ്രോസസ്സറിനെ സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ് അഥവാ CPU എന്നും പറയുന്നു
20. AMD യുടെ പൂർണ്ണരൂപം അഡ്വാൻസ്ഡ് മൈക്രോ ഡിവൈസസ് എന്നാണ് .
21. AMD എന്ന കമ്പനി ഉല്പാദിപ്പിക്കുന്ന ഒരു മൈക്രോ പ്രോസസ്സർ ആണ് Athlon 64

22. Applications → System Tools → Sysinfo എന്ന പ്രോഗ്രാം ഉപയോഗിച്ച് കമ്പ്യൂട്ടറിൽ ഘടിപ്പിച്ചിരിക്കുന്ന പ്രോസസ്സറിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയാം

23. ക്ലോക്ക് സ്പീഡ് : ഒരു സിസ്റ്റത്തിലെ പ്രവർത്തനം കൂട്ടിയിണക്കപ്പെടുന്നത് പ്രോസസ്സർ ക്ലോക്കിന്റെ മിടിപ്പനുസരിച്ചാണ് .സിസ്റ്റത്തിലെ സി പി യു വിനകത്ത് ഘടിപ്പിച്ചിരിക്കുന്ന ഒരു ക്വാർട്ട്സ് ക്ലോക്കാണ് ഈ സംഘാടനം സാധ്യമാക്കുന്നത് .ഇതിന്റെ മിടിപ്പനുസരിച്ചാണ് സിസ്റ്റത്തിനകത്തെ ഓരോ ഉപകരണവും പ്രവർത്തിക്കുന്നത് .പ്രോസസ്സറിനു നടത്താവുന്ന കാൽക്കുലേഷനുകൾ , ഡാറ്റയുടെ വരവും പോക്കും തുടങ്ങിയവ ഈ ക്ലോക്കിന്റെ മിടിപ്പുമായി ബന്ധിച്ചിരിക്കുന്നു . ഈ ക്ലോക്കിന്റെ പൾസ് നിരക്കാണ് പ്രോസസ്സറിന്റെ ക്ലോക്ക് റേറ്റ് ( ഫ്രീക്വൻസി ) .ഇത് അളക്കുന്നത് ഹെർട്സ് യൂണിറ്റിലാണ് .

24. സി പി യു കാഷ് : സി പി യു വിനകത്തുതന്നെയുള്ള ചെറിയ വിവര സംഭരണ സംവിധാനമാണിത് .സിസ്റ്റം ഉപയോഗിക്കുമ്പോൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ദത്തങ്ങളും നിർദ്ദേശങ്ങളും ഇവിടെ സൂക്ഷിക്കപ്പെടുന്നു .ഇതിന്റെ സംഭരണശേഷിയാണ് കാഷ് മെമ്മറി

25. മദർ ബോർഡ് : ഇലക്ട്രോണിക് ഉപകരണങ്ങളുടെ ആന്തരിക ഘടകങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വ്യത്യസ്ത സർക്കീട്ടുകൾ ഒരു ബോർഡിൽ പ്രിന്റ് ചെയ്തെടുത്തതാണ് മദർ ബോർഡ് .പ്രോസസ്സർ റാൻഡം ആക്സസ് മെമ്മറി , തുടങ്ങിയ കമ്പ്യൂട്ടറിനകത്തെ ഘടകങ്ങൾ , കീ ബോർഡ് , മൌസ് , തുറ്റങ്ങിയ അനുബന്ധ ഘടകങ്ങൾ , പവർ എന്നിവ ബന്ധിപ്പിക്കുകയും വിവരങ്ങളുടെ കൈമാറ്റം നടത്തുകയും ചെയ്യുന്ന ഒന്നിലധികം ഇലക്ട്രോണിക് ചിപ്പുകൾ ഘടിപ്പിച്ച ഭാഗമാണിത്

26. VLSI യുടെ പൂർണ്ണരൂപം വെരി ലാർജ് സ്കെയിൽ ഇന്റഗ്രേറ്റഡ് ചിപ്പ് എന്നാണ്

27. ഒരു മദർ ബോർഡിൽ പ്രധാനമായും രണ്ട് VLSI ചിപ്പുകളാണ് ഉള്ളത് . ഇവ മെമ്മറി നിയന്ത്രണ ഹബ്ബ് ,I/O ഹവ്വ് എന്നിവയാണ്

28. VLSI ചിപ്പുകൾ അവ നിർമ്മിക്കുന്ന നിർമ്മാതാവിന്റെ പേരിലാണ് അറിയപ്പെടുക

29. ഹാർഡ് ഡിസ്ക് : ഓപ്പറേറ്റിംഗ് സിസ്റ്റം , അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ , നാം നിർമ്മിച്ച ഫയലുകൾ എന്നിങ്ങനെയുള്ളവ ഹാർഡ് ഡിസ്കിൽ സൂക്ഷിച്ചിരിക്കുന്നു

ഒരു ദണ്ഡിൽ ഘടിപ്പിക്കപ്പെട്ട ഒന്നൊ അതിലധികമോ ഡിസ്കുകൾ - ഇതാണ് ഹാർഡ് ഡിസ്കിന്റെ പൊതു ഘടന

ഡിസ്കുകളിൽ ഒരു കാന്തിക വസ്തു പൂശിയിരിക്കും

ഈ കാന്തിക വസ്തുവിനെ കാന്തവൽക്കരിക്കുക വഴിയാണ് ഡിസ്കുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത്

ഡിസ്കുകളിൽ നിന്ന് വിവരങ്ങൾ വായിച്ചെടുക്കുന്നതിനും അതിലേക്ക് എഴുതിച്ചേർക്കുന്നതിനും ഹെഡുകൾ ഉണ്ടായിരിക്കും

30. ഡിസ്കുകളേയും ഹെഡുകളേയും മോട്ടോർ ഉപയോഗിച്ച് കറക്കുന്നതുവഴിയാണ് ഡിസ്കുകളുടെ എല്ലാ ഭാഗത്തും എത്താനാകുന്നത്

31. ഹാർഡ് ഡിസ്ക് ഫോർമാറ്റിംഗ് : നാം ഒരു പുതിയ ഹാർഡ് ഡിസ്ക് വാങ്ങുമ്പോൾ അതിനകം ശൂന്യമായിരിക്കും . ഏതു ഫയൽ എവിടെയെല്ലാമായി സൂക്ഷിച്ചിരിക്കുന്നു എന്നറിയുന്നതിന് ഈ ഡ്രൈവിനെ പല ബ്ലോക്കുകളായി തിരിക്കേണ്ടതുണ്ട് . ഇ ബ്ലോക്കുകൾക്കെല്ലാം അഡ്രസ്സ് കൊടുക്കുകയും വേണം .ഇങ്ങനെ ചെയ്യുന്ന പ്രക്രിയയാണ് ഫോർമാറ്റിംഗ് . ഇങ്ങനെ ഓരോ ഓപ്പറേറ്റിംഗ് സിസ്റ്റവും അതിനു യോജിക്കുന്ന രീതിയിൽ ഹാർഡ് ഡിസ്കിനെ ഫോർമാറ്റ് ചെയ്തിരിക്കുന്നതിനെയാണ് അതാതിന്റെ ഫയൽ സിസ്റ്റം എന്നു പറയുന്നത് .

32. ഹാർഡ് ഡിസ്ക് പാർട്ടീഷൻ : ചിലപ്പോൾ ഒരു ഹാർഡ് ഡിസ്കിൽ പലതരം ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ ഇൻസ്റ്റാൾ ചെയ്യേണ്ടിവരും . അപ്പോൾ പലതരം ഫയൽ സിസ്റ്റങ്ങൾ വേണ്ടിവരും . ഇതിനായി ഹാർഡ് ഡിസ്കിനെ പല ഭാഗങ്ങളായി തിരിക്കേണ്ടിവരും . ഇത്തരം ഭാഗങ്ങളെയാണ് ഹാർഡ് ഡിസ്ക് പാർട്ടീഷൻ എന്നു പറയുന്നത് .ചിലപ്പോൾ ഒരു ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ തന്നെ പല പാർട്ടീഷനുകൾ വേണ്ടിവരും

33. റൂട്ട് പാർട്ടീഷൻ : ഗ്നു / ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രോഗ്രാം ഫയലുകൽ സൂക്ഷിക്കുന്ന സ്ഥലം

34. ഹോം പാർട്ടീഷൻ : ഗ്നു / ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഉപയോക്താവ് നിർമ്മിക്കുന്ന ഫയലുകൽ സൂക്ഷിക്കുന്ന സ്ഥലം

35. സ്വാപ്പ് പാർട്ടീഷൻ : ഗ്നു / ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രോഗ്രാം ഫയലുകൽ സൂക്ഷിക്കുന്ന സ്ഥലം

36. പെൻ ഡ്രൈവ് ഫയൽ ഫോർമാറ്റിംഗ് : പെൻഡ്രൈവുകൾ വാങ്ങുമ്പോൾ തന്നെ അതിൽ ഒരു ഫയൽ സിസ്റ്റം ഉണ്ടായിരിക്കും . ഇതു മാറ്റി വേറൊരു ഫയൽ സിസ്റ്റം നിർമ്മിക്കുന്നതിന് System → Administration → Disk utility എന്ന രീതിയിൽ മുന്നേറിയാൽ മതി .

37. റാം ( റാൻഡം ആക് സസ്സ് മെമ്മറി ) : കമ്പ്യൂട്ടറുകളിൽ വിവരം അഥവാ ഡേറ്റ സൂക്ഷിച്ചുവെക്കാനുള്ള മെമ്മറിയാണിത് . വൈദ്യുതി വിച്ഛേദിക്കപ്പെട്ടാൽ ഇവയിൽ സൂക്ഷിക്കപ്പെട്ട വിവരങ്ങളും മാഞ്ഞുപോകും . വിവരങ്ങൾ മെമ്മറിയുടെ ഏതു ഭാഗത്തു സൂക്ഷിക്കപ്പെട്ടവയായാലും നേരിട്ട് തിരിച്ചെടുക്കാൻ സാധിക്കുന്നതിനാലാണ് റാൻഡം ആക്സസ് മെമ്മറി എന്ന പേരുവന്നത് .കമ്പ്യൂട്ടറിൽ പ്രവർത്തിക്കുന്നതിനാവശ്യമായ വിവരങ്ങൾ റാമിലേക്ക് എടുത്തുവെച്ച് അവിടെനിന്ന് ആവശ്യത്തിന് പ്രോസസ്സറിന് ലഭ്യമാക്കുകയാണ് ചെയ്യുന്നത് . റാമിന്റെ വിനിമയ ശേഷി അതിന്റെ സ്പീഡ് ഉപയോഗിച്ചാണ് സൂചിപ്പിക്കുക . ഇത് സാധാരണ Hz യൂണിറ്റിലായിരിക്കും . ഉദാഹരണമായി SDR 256MB , 133 MHz

38. സ്വാപ്പ് : വീഡിയോ എഡിറ്റിംഗ് പോലുള്ള ജോലികൾ ചെയ്യേണ്ടിവരുമ്പോൾ വളരെ വലിയ ഫയലുകൾ ഒരുമിച്ച് തുറക്കേണ്ടിവരും . ഈ ഫയലുകൾ റാമിന്റെ സംഭരണശേഷിയേക്കാൾ കൂടുതലാണെങ്കിൽ ഹാർഡ് ഡിസ്കിൽ തന്നെ ഒരു പ്രത്യേക ഫയൽ സിസ്റ്റം നിർമ്മിച്ച് അധിക മുള്ളവ അങ്ങോട്ട് മാറ്റുകയാണ് പ്രതിവിധി . ഇതിനുവേണ്ടി ഹാർഡ് ഡിസ്കിൽ തയ്യാറാക്കുന്ന ഫയൽ സിസ്റ്റമാണ് സ്വാപ്പ്

39. ആഡ് ഓൺ കാർഡുകൾ : സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന ഘടകങ്ങൾ മതിയാകാതെ വരുമ്പോഴാണ് ആഡ് ഓൺ കാർഡുകൾ ഉപയോഗിക്കുക

40. ആക്സിലറേറ്റഡ് ഗ്രാഫിക്സ് കാർഡ് : സാധാരണ എല്ലാ സിസ്റ്റത്തിലും ഗ്രാഫിക്സ് ഡിസ്പ്ലേ കൈകാര്യം ചെയ്യുന്നതിനുള്ള ഘടകങ്ങൾ ഉണ്ടാകും . എന്നാൽ ഉയർന്ന ഗ്രാഫിക് ഇഫക്ടുകളും ഗെയിമുകളും പ്രവർത്തിക്കപ്പെടുന്ന സിസ്റ്റത്തിനു വേണ്ട അധികശേഷിയുള്ള ഹാർഡ് വെയർ ലഭിക്കാൻ ഇത്തരം കാർഡുകൾ സിസ്റ്റത്തിൽ ചേർക്കുന്നു

41. ടി വി ട്യൂണർ കാർഡ് : ടി വി സിഗ്നലുകൾ സിസ്റ്റത്തിൽ സ്വീകരിച്ച് പ്രവർത്തിപ്പിക്കുകയും പ്രോഗ്രാമുകൾ റിക്കാർഡ് ചെയ്യുകയും ചെയ്യുന്നതിന് ഉപയോഗിക്കുന്നു

42. സൌണ്ട് കാർഡ് : സിസ്റ്റത്തിലുള്ള ശബ്ദ സംവിധാനത്തേക്കാളും കൂടുതൽ ശേഷിയുള്ള ശബ്ദ ഇഫക്ടുകൾ ലഭിക്കുന്നതിന് ഉപയോഗിക്കുന്നു

43. USB കാർഡുകൾ : സിസ്റ്റത്തിൽ നിലവിലുള്ള USB പോർട്ടുകൾ , പ്രിന്റർ , സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ ഘടിപ്പിക്കാൻ മതിയാകാതെ വരുമ്പോൾ കൂടുതൽ പോർട്ടുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ കാർഡ് ഉപയോഗിക്കുന്നു

44. ഇന്റേണൽ മോഡം : ഇന്റർനെറ്റ് ഘടിപ്പിക്കുന്നതിന് സിസ്റ്റത്തിന് പുറത്ത് ഘടിപ്പിക്കുന്നതിനു പകരം സിസ്റ്റത്തിന് അകത്തുതന്നെ മോഡം ഘടിപ്പിക്കാൻ ഉപയോഗിക്കുന്നു

45. നെറ്റ് വർക്ക് ഇന്റർഫേസ് കാർഡ് : സിസ്റ്റത്തെ ഒന്നോ അധിലധികമോ നെറ്റ്വർക്ക് കാർഡുകളുമായി ഘടിപ്പിക്കാൻ ഉപയോഗിക്കുന്നു

46. ബയോസ് ( BIOS) : Basic Input Output System എന്നതിന്റെ ചുരുക്കെഴുത്താണ് ബയോസ് . കമ്പ്യൂട്ടറിന് വൈദ്യുതി കൊടുക്കുമ്പോൾ ആദ്യമായി ഈ സംവിധാനമാണ് പ്രവർത്തനക്ഷമമാകുന്നത് . സാധാരണയായി മദർബോർഡിലുള്ള ഒരു ചിപ്പിൽ ഇത് സംഭരിച്ചുവെക്കുന്നു . ഹാർഡ് ഡിസ്ക് ഡൈവ് , ഫ്ലോപ്പി ഡിസ്ക് ഡ്രൈവ് , ഒപ്റ്റിക്കൽ ഡിസ്ക് ഡൈവ് തുടങ്ങിയ ഹാർഡ് വെയർ ഘടകങ്ങളെ തിരിച്ചറിഞ്ഞ് പ്രവർത്തനം ആരംഭിക്കലാണ് ബയോസിന്റെ പ്രാഥമിക ചുമതല

കമ്പ്യൂട്ടറിന്റെ അനുബന്ധഘടകങ്ങളായ മെമ്മറി , ഫ്ലോപ്പി ഡിസ്ക് , ഹാർഡ് ഡിസ്ക് സി ഡി ഡ്രൈവ് തുടങ്ങിയവ തിരിച്ചറിയുകയും കമ്പ്യൂട്ടർ പവർ ഓൺ ചെയ്യുന്ന സമയത്ത് അവ ശരിയായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ എന്ന് മനസ്സിലാക്കുകയും ചെയ്യുന്നത് ബയോസാണ് . ഇതിനെ പവർ ഓൺ സെൽഫ് ടെസ്റ്റ് ( POST) എന്നു വിളിക്കുന്നു .ഏറ്റവും പ്രാഥമിക ഉപകരണങ്ങളുടെ ഡ്രൈവറുകളും ബയോസിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

47. ബൂട്ടിംഗ് : സിസ്റ്റം പ്രവർത്തിക്കാതിരിക്കുമ്പോൾ അതിലുള്ള ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റേയും മറ്റും പ്രോഗ്രാമുകൾ ഹാർഡ് ഡിസ്കിനകത്തായിരിക്കും സൂക്ഷിക്കുന്നത് . സിസ്റ്റം ഓൺ ചെയ്യുമ്പൊൾ ഈ പ്രോഗ്രാമുകളെ റാമിലേക്കു മാറ്റുന്ന പ്രക്രിയയാണ് ബൂട്ടിംഗ്

48. സിമോസ് സെറ്റപ്പ് : ഉപയോക്താവിന് മാറ്റം വരുത്താവുന്ന ബയോസ് ഘടകമാണ് സിമോസ് സെറ്റപ്പ് . Del , F2 ,F1 ,Esc , Ctl+Esc എന്നിവയിലേതെങ്കിലും കീകൾ ഉപയോഗിച്ച് പവർ ഓൺ ചെയ്ത് സിസ്റ്റം പ്രവർത്തിക്കുവാൻ തുടങ്ങുന്ന സമയത്ത് സിമോസ് സെറ്റപ്പിലേക്ക്

പ്രവേശിക്കാനാകും . താഴെ പറയുന്ന കാര്യങ്ങൾ ഉപയോഗിക്കുന്ന ആളുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റുവാൻ സാധിക്കും

സിസ്റ്റം ക്ലോക്കിന്റെ സമയം

ഫ്ലോപ്പിയുടേയും മറ്റു ഡ്രൈവുകളുടേയും തിരിച്ചറിയലും സെറ്റപ്പും

ബൂട്ട് ഡിവൈസുകളുടെ മുൻഗണനാക്രമം

സീരിയൽ , പാരലൽ പോർട്ടുകളുടെ കോൺഫിഗറേഷൻ , ഗ്രാഫിക് മെമ്മറി അലോട്ട്മെന്റ് , യു എസ് ബി

പാസ്‌വേഡുകൾ

സിസ്റ്റം വേക്ക് അപ് , സ്റ്റാറ്റസ്

49. ഒരു കമ്പ്യൂട്ടറിലെ എല്ലാ ഘടകങ്ങളും ഡി സി യിലാണ് പ്രവർത്തിക്കുന്നത്
50. നാം സിസ്റ്റത്തിലേക്കു കൊടുക്കുന്ന വോൾട്ടേജ് 220V AC ആണ്
51. കമ്പ്യൂട്ടറിൽ 220V AC യെ പല ചെറിയ വോൾട്ടേജുള്ള ഡി സി ആക്കി മാറ്റേണ്ടിവരും
52. സി ഡി ഡ്രൈവിലേയും ഹാർഡ് ഡിസ്കിലേയും ഡിസ്കിനെ കറക്കുന്ന മോട്ടോറിന്റെ വോൾട്ടേജ് 12V DC ആണ് .
53. മൈക്രോ പ്രോസസ്സറിന്റെ വോൾട്ടേജ് 1.3 – 1.5V ആണ് .
54. SMPS ന്റെ പൂർണ്ണ രൂപം സ്വിച്ച്ഡ് മോഡ് പവർ സപ്ലൈ എന്നാണ്
55. SMPS : ഇതിനെ കമ്പ്യൂട്ടറിന്റെ പവർ ഹൌസ് എന്നു പറയുന്നു . എസ് എം പി എസ് ൽ നിന്നും പുറത്തുവരുന്നത് പല വോൾട്ടേജിലുള്ള ഡി സി കറന്റുകളാണ് . അവ പല നിറത്തിലുള്ള കേബിളുകളിൽക്കൂടിയാണ് മദർബോർഡിൽ എത്തുന്നത് .

## തുടർപ്രവർത്തനങ്ങൾ

1. ചേരുംപടി ചേർക്കുക

| A | B |
|---|---|
| CPU | Random Access Memory |
| FSB | Basic Input Output System |
| RAM | Power On Self Test |
| BIOS | Switched Mode Power Supply |
| POST | Front Side Bus |
| SMPS | Central Processing Uni |

2. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ഇൻ പുട്ട് ഉപകരണങ്ങൾ ,ഔട്ട് പുട്ട് ഉപകരണങ്ങൾ , സംഭരണ ഉപകരണങ്ങൾ എന്നിവക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക